# 46th KERALA STATE FILM AWARDS - 2015

# DECLARATION

## (FICTION & WRITING)

1st MARCH, 2016
P.R. CHAMBER, SECRETARIAT




KERALA STATE CHALACHITRA ACADEMY
Sasthamangalam, Thiruvananthapuram- 695 010
Tel.: 94-471-2310323, 4100300 Fax: +91-471-2310322
e-mail: office@keralafilm.com website: www.keralafilm.com

# സംസ്ഥാന ചലച്ചിത്ര അവാർഡ് 2015
# (ചലച്ചിത്ര വിഭാഗം)

## ജൂറി റിപ്പോർട്ട്

2015–ൽ 79 സിനിമകളാണ് ഈ ജൂറിക്ക് മുമ്പാകെ എത്തിയത്. സർഗാത്മകമായ ഒരു പ്രതിസന്ധിയിലൂടെയാണ് നമ്മുടെ സിനിമ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നതെന്ന് ഈ സിനിമകൾ ബോധ്യപ്പെടുത്തുന്നുണ്ട്. സിനിമ ഡിജിറ്റൽ യുഗത്തിലേക്ക് പ്രവേശിച്ചത് ഇതിന് പുതിയ പരിഹാര സാധ്യതകൾ ഒരുക്കുന്നുണ്ട്. സിനിമയെ നിർണയിക്കുന്ന ഏറ്റവും പ്രധാനഘടകം സാങ്കേതികം മാത്രമല്ല, സാമ്പത്തികവും സാമൂഹികവും സൗന്ദര്യശാസ്ത്രപരവുമായ ഘടകങ്ങളും പ്രധാനമാണ്. ലോകത്തെങ്ങും പുതിയ സിനിമകൾ ഉണ്ടാകുമ്പോൾ ആ മാറ്റത്തോട് നമ്മുടെ സിനിമ പുറംതിരിഞ്ഞുനില്ക്കുകയാണ്. നമ്മുടെ സിനിമയിലെ താരസമ്പ്രദായവും മൂലധനാധിപത്യവും മികച്ച പ്രമേയങ്ങളിലേക്കുള്ള യാത്രയെ മിക്കവാറും അസാധ്യമാക്കിയിട്ടുണ്ട്. കൂടാതെ സിനിമ ഇന്നും ഒരു പുരുഷ നിർമിത ആവിഷ്ക്കാരമായി മാറ്റമില്ലാതെ തുടരുകയാണ്. ദളിത് വിചാരങ്ങളും ഭിന്ന ലൈംഗിക സ്വത്വബോധവുമൊക്കെ സിനിമയുടെ പ്രമേയപരിഗണനകളുടെ ഭാഗമാകാതെ നിൽക്കുകയാണിന്നും. നമ്മുടെ സിനിമയുടെ അണിയറയിൽ ഇന്നും ആധിപത്യം വഹിയ്ക്കുന്ന ശക്തികൾ ഏതാണെന്ന് ഇത് സൂചിപ്പിക്കുന്നുണ്ട്. സിനിമയിൽ സർഗാത്മക മാറ്റങ്ങൾ ഉണ്ടാകണമെങ്കിൽ അതിന്റെ ചക്രവാളം വികസിച്ചേ പറ്റൂ. ഇല്ലെങ്കിൽ അത് നമ്മുടെ തന്നെ ഹ്രസ്വദൃഷ്ടികളുടെ സൃഷ്ടികൾ മാത്രമായി തുടരും. ഈ ജൂറിക്ക് മുമ്പിൽവന്ന മഹാഭൂരിപക്ഷം സിനിമകളും ഈ ഗണത്തിൽപ്പെടുന്നവയായിരുന്നു. ഇത് നിരാശാജനകമാണെന്ന് പറയാതെവയ്യ.

ഇന്ന് വളരെയധികം സ്വകാര്യ പുരസ്കാരങ്ങൾ നിലവിലുള്ള കാലമാണ്. കമ്പോളനിർമിതമായ ജനപ്രിയ സിനിമകൾ മാത്രമാണ് അത്തരം പുരസ്കാരങ്ങളിൽ പരിഗണിക്കപ്പെടുന്നത്. പുരസ്കാരനിശകളുടെ വില്പനമൂല്യം മാത്രം പരിഗണിച്ചാണ് ഇത്തരം പുരസ്കാരങ്ങൾ നിർമിക്കപ്പെടുന്നത്. മിക്കവാറും കമ്പോളത്തിൽ വില്ക്കപ്പെടുന്ന സിനിമകളും അവരുടെ പ്രതിനിധികളും മാത്രം അംഗീകരിക്കപ്പെടുന്ന പ്രവണതയാണ് കണ്ടുവരാറുള്ളത്. സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ പുരസ്കാരങ്ങളിൽ ഒരുവർഷത്തെ സിനിമകളിൽനിന്നും സാങ്കേതികവും സൗന്ദര്യശാസ്ത്രപരവുമായ മികവ് അന്വേഷിയ്ക്കുമ്പോൾതന്നെ അത്തരം സിനിമകളുടെ വിദ്യാഭ്യാസപരവും സാംസ്കാരികപരവുമായ മൂല്യവിചാരംകൂടി ജൂറിക്ക് പരിഗണിയ്ക്കേണ്ടതുണ്ട്. ജനങ്ങളുടെ നികുതിപ്പണമെടുത്തുനൽകുന്ന ഈ പുരസ്കാരങ്ങൾ നിർണയിക്കുമ്പോൾ അതുകൊണ്ടുതന്നെ ജൂറിക്ക് മുൻപാകെയുള്ള സാമൂഹിക ഉത്തരവാദിത്തം വളരെ വലുതാണ്. മലയാള സിനിമയേയും സമൂഹത്തെയും ഗുണപരമായി നവീകരിക്കുന്ന സിനിമകളെയും പ്രതിഭകളെയും കണ്ടെത്തുകയെന്നതാണ് ഇവിടെ ജൂറിക്കു മുന്നിലുള്ള പ്രഥമ പരിഗണന.

# അവാർഡുകൾ

1. **മികച്ച കഥാചിത്രം – ഒഴിവുദിവസത്തെ കളി**

**സംവിധായകൻ – സനൽകുമാർ ശശിധരൻ**

**നിർമ്മാതാവ് – ഷാജി മാത്യു & അരുണ മാത്യു**

(നിർമ്മാതാവിന് 1,00,000/– രൂപയും ശില്പവും പ്രശസ്തിപത്രവും വീതം. സംവിധായകന് 2,00,000/– രൂപയും ശില്പവും പ്രശസ്തിപത്രവും. )

വർത്തമാനകാല സാമൂഹ്യ–രാഷ്ട്രീയ ജീവിതത്തിന്റെ ബഹുസ്വരമാനങ്ങളുടെ സത്യസന്ധമായ നേർക്കാഴ്ച. ജാതീയതയും സ്ത്രീവിരുദ്ധതയും ഊറിക്കിടക്കുന്ന മലയാളിയുടെ ആൺജീവിതങ്ങളിലേക്കുള്ള അഗാധമായ ഉൾപ്പിരിവുകളാൽ സമ്പന്നമാണ് ഈ ചിത്രം.

2. **മികച്ച രണ്ടാമത്തെ കഥാചിത്രം – അമീബ**

**സംവിധായകൻ – മനോജ് കാന**

**നിർമ്മാതാവ് – പ്രിയേഷ്കുമാർ പി.കെ.**

(നിർമ്മാതാവിന് 1,50,000/– രൂപയും ശില്പവും പ്രശസ്തിപത്രവും. സംവിധായകന് 1,50,000/– രൂപയും ശില്പവും പ്രശസ്തിപത്രവും.)

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ഇരകളുടെ ജീവിതത്തിന്റെ നേർസാക്ഷ്യം. വിഷപ്രയോഗം സൃഷ്ടിക്കുന്ന ശാരീരികവും മാനസികവും പാരിസ്ഥിതികവുമായ ആഘാതങ്ങളെ അതിതീക്ഷ്ണമായി അനുവാചകരിലേക്ക് പകർന്നുനൽകുന്നു ഈ ചിത്രം.

3. **മികച്ച സംവിധായകൻ – മാർട്ടിൻ പ്രക്കാട്ട്**

**ചിത്രം – ചാർലി**

(2,00,000/– രൂപയും ശില്പവും പ്രശസ്തിപത്രവും.)

അപചയിച്ചുകൊണ്ടിരിക്കുന്ന മലയാളസിനിമയിൽ സാങ്കേതികവും സർഗാത്മകവുമായ നവീകരണത്തിനുള്ള മികച്ച ശ്രമം.

4. **മികച്ച നടൻ – ദുൽഖർ സൽമാൻ**

**ചിത്രം – ചാർലി**

(1,00,000/– രൂപയും ശില്പവും പ്രശസ്തിപത്രവും.)

കഥാപാത്രത്തിന്റെ പ്രകാശംനിറഞ്ഞ യൗവ്വനത്തെ അനായാസമായി തന്നിലേക്കാവാഹിക്കുകയും അത് അതേ തീവ്രതയോടെ പ്രേക്ഷകരിലേക്ക് പ്രസരിപ്പിക്കുകയും ചെയ്യുന്ന അഭിനയത്തികവിന്.

5. **മികച്ച നടി – പാർവതി**

**ചിത്രങ്ങൾ – ചാർലി, എന്ന് നിന്റെ മൊയ്തീൻ**

(1,00,000/– രൂപയും ശില്പവും പ്രശസ്തിപത്രവും.)

പ്രണയത്തിന്റെ തീർത്തും വ്യത്യസ്തമായ രണ്ടുമുഖങ്ങളെ തന്മയത്തത്തോടെ ആവിഷ്ക്കരിച്ച അഭിനയ മികവിന്.

**6. മികച്ച സ്വഭാവ നടൻ – പ്രേംപ്രകാശ്**

**ചിത്രം – നിർണായകം**

(50,000/– രൂപയും ശില്പവും പ്രശസ്തിപത്രവും.)

ഇരുത്തംവന്ന അഭിനയശൈലിയിലൂടെ കഥാപാത്രത്തിന്റെ അന്തർ സംഘർഷങ്ങളെ വ്യാഖ്യാനിച്ചതിന്.

**7. മികച്ച സ്വഭാവ നടി – അഞ്ജലി പി.വി.**

**ചിത്രം – ബെൻ**

(50,000/– രൂപയും ശില്പവും പ്രശസ്തിപത്രവും.)

സ്വന്തം മകന്റെ ഭാവിജീവിതം വാർത്തെടുക്കാനുള്ള ശ്രമത്തിൽ സ്വയം ഇരയായിമാറുന്ന ഒരമ്മയുടെ ദൈന്യത, തീക്ഷ്ണതയോടെ അവതരിപ്പിച്ചതിന്.

**8. മികച്ച ബാലതാരം (ആൺ) – ഗൗരവ് ജി. മേനോൻ**

**ചിത്രം – ബെൻ**

(50,000/– രൂപയും ശില്പവും പ്രശസ്തിപത്രവും.)

അശാസ്ത്രീയ വിദ്യാഭ്യാസത്തിന്റെയും ചികിത്സാസമ്പ്രദായങ്ങളുടെയും ഇരയായിമാറുന്ന ബാല്യത്തെ അതീവ മികവോടെ അവതരിപ്പിച്ച അഭിനയത്തികവിന്.

**9. മികച്ച ബാലതാരം (പെൺ) – ജാനകി മേനോൻ**

**ചിത്രം – മാൽഗുഡി ഡെയ്സ്**

(50,000/– രൂപയും ശില്പവും പ്രശസ്തിപത്രവും. )

കുട്ടിത്തത്തിന്റെ കൗതുകങ്ങളും ഒറ്റപ്പെടലിന്റെ വിഹ്വലതകളും ദീപ്തമായി അവതരിപ്പിച്ച നിഷ്കളങ്കബാല്യം.

**10. മികച്ച കഥാകൃത്ത് – ഹരികുമാർ**

**ചിത്രം – കാറ്റും മഴയും**

(50,000/– രൂപയും ശില്പവും പ്രശസ്തിപത്രവും.)

മനുഷ്യശരീരത്തിലെ അവയവങ്ങൾക്കുപോലും വർഗീയത കണക്കുപറഞ്ഞുതുടങ്ങുന്ന ഭീഷണമായ കാലത്തെ അടയാളപ്പെടുത്തുന്ന രചന.

**11. മികച്ച ഛായാഗ്രാഹകൻ – ജോമോൻ ടി. ജോൺ**

**ചിത്രങ്ങൾ – ചാർലി, എന്ന് നിന്റെ മൊയ്തീൻ, നീന**

(50,000/– രൂപയും ശില്പവും പ്രശസ്തിപത്രവും.)

വ്യത്യസ്ത പ്രമേയങ്ങളെ മിഴിവുറ്റതാക്കിത്തീർത്ത വ്യത്യസ്തങ്ങളായ ചിത്രീകരണത്തിലെ ഛായാഗ്രഹണമികവിന്.

**12. മികച്ച തിരക്കഥാകൃത്ത് – ഉണ്ണി ആർ. & മാർട്ടിൻ പ്രക്കാട്ട്**

**ചിത്രം – ചാർലി**

(25,000/– രൂപയും ശില്പവും പ്രശസ്തിപത്രവും വീതം.)

മനുഷ്യനന്മയിലൂന്നിയ പ്രമേയത്തെ ജീവിതസമ്പന്നമായ മുഹൂർത്തങ്ങളിലൂടെ അവതരിപ്പിച്ച് ദുർമേദസ്സ് ഒട്ടുമില്ലാത്ത ആവിഷ്ക്കാരമികവിന്.

**13. മികച്ച തിരക്കഥ (അഡാപ്റ്റേഷൻ) – മുഹമ്മദ് റാസി**

**ചിത്രം – വെളുത്ത രാത്രികൾ**

(50,000/– രൂപയും ശില്പവും പ്രശസ്തിപത്രവും.)

മനുഷ്യബന്ധങ്ങളിലെ സങ്കീർണതകളിലൂടെ സഞ്ചരിച്ച ഡോസ്റ്റോസ്കിയുടെ രചനയ്ക്ക് നൽകിയ ഭാവപൂർണമായ പുനഃരാഖ്യാനം.

**14. മികച്ച ഗാനരചയിതാവ് – റഫീഖ് അഹമ്മദ്**

**ഗാനം – "കാത്തിരുന്നു കാത്തിരുന്നു പുഴമെലിഞ്ഞു..."**

**ചിത്രം – എന്ന് നിന്റെ മൊയ്തീൻ**

(50,000/– രൂപയും ശില്പവും പ്രശസ്തിപത്രവും. )

ഭാഷയുടെ തെളിമയാർന്ന കാവ്യസൗന്ദര്യം പദങ്ങളിൽ കാത്തുസൂക്ഷിക്കുന്ന കരുത്തുറ്റ രചനയ്ക്ക്.

**15. മികച്ച സംഗീത സംവിധായകൻ – രമേഷ് നാരായൺ**

**ഗാനങ്ങൾ – "പശ്യതി ദിശി ദിശി...." & "ശാരദാംബരം ചാരുചന്ദ്രികാ...."**

**ചിത്രങ്ങൾ – ഇടവപ്പാതി & എന്ന് നിന്റെ മൊയ്തീൻ**

(50,000/– രൂപയും ശില്പവും പ്രശസ്തിപത്രവും.)

സംഗീതത്തിന്റെ ആത്മാവ് നഷ്ടമായിക്കൊണ്ടിരിക്കുന്ന കാലത്ത് അതിന്റെ മികവിനെ തിരിച്ചുപിടിക്കുവാനുള്ള വിജയകരമായ യത്നമാണ് രമേഷ് നാരായണന്റെ സംഗീതം.

**16. മികച്ച സംഗീത സംവിധായകൻ (പശ്ചാത്തല സംഗീതം) – ബിജിബാൽ**

**ചിത്രങ്ങൾ – പത്തേമാരി & നീന**

(50,000/– രൂപയും ശില്പവും പ്രശസ്തിപത്രവും.)

സിനിമയുടെ ദൃശ്യവിഷ്ക്കാരത്തിന് മികവും ഔന്നത്യവും ഒരുക്കുന്ന ഔചിത്യപൂർണമായ ശബ്ദവിന്യാസത്തിന്.

| | | |
|---|---|---|
| **17.** | **മികച്ച പിന്നണിഗായകൻ** | **– പി. ജയചന്ദ്രൻ** |
| | **ഗാനങ്ങൾ** | **– "'ഞാനൊരു മലയാളി..", "മലർവാകക്കൊമ്പത്തെ.." (യുഗ്മഗാനം) & ' 'ശാരദാംബരം.." (യുഗ്മഗാനം)** |
| | **ചിത്രങ്ങൾ** | **– ജിലേബി, എന്നും എപ്പോഴും & എന്ന് നിന്റെ മൊയ്തീൻ** |

(50,000/– രൂപയും ശില്പവും പ്രശസ്തിപത്രവും.)

ചലച്ചിത്രഗാനാലാപനത്തിന്റെ സുവർണകാലം ഓർമ്മിപ്പിക്കുന്ന ഭാവഗായകസാന്നിദ്ധ്യം.

| | | |
|---|---|---|
| **18.** | **മികച്ച പിന്നണിഗായിക** | **– മധുശ്രീ നാരായൺ** |
| | **ഗാനം** | **– "പശ്യതി ദിശി ദിശി...."** |
| | **ചിത്രം** | **– ഇടവപ്പാതി** |

(50,000/– രൂപയും ശില്പവും പ്രശസ്തിപത്രവും.)

കുറ്റമറ്റ രീതിയിൽ ഭാവസാന്ദ്രതകൊണ്ട് ശ്രദ്ധേയമായ ആലാപനം.

| | | |
|---|---|---|
| **19.** | **മികച്ച ചിത്ര സംയോജകൻ** | **– മനോജ്** |
| | **ചിത്രം** | **– ഇവിടെ** |

(50,000/– രൂപയും ശില്പവും പ്രശസ്തിപത്രവും.)

പ്രമേയത്തിന്റെ ഭാവത്തിന് ഊർജസ്വലതയും കൃത്യതയും നൽകുന്ന ചിത്രസംയോജനത്തിന്.

| | | |
|---|---|---|
| **20.** | **മികച്ച കലാസംവിധായകൻ** | **– ജയശ്രീ ലക്ഷ്മി നാരായണൻ** |
| | **ചിത്രം** | **– ചാർലി** |

(50,000/– രൂപയും ശില്പവും പ്രശസ്തിപത്രവും.)

ഭാവനാപൂർണമായ ഒരു കഥാന്തരീക്ഷനിർമിതിയിലൂടെ പ്രമേയത്തെ ദീപ്തമാക്കിയ കലാചാരുതയ്ക്ക്.

| | | |
|---|---|---|
| **21.** | **മികച്ച ലൈവ് സൗണ്ട്** | **– സന്ദീപ് കുറിശ്ശേരി & ജിജിമോൻ ജോസഫ്** |
| | **ചിത്രം** | **– ഒഴിവുദിവസത്തെ കളി** |

(25,000/– രൂപയും ശില്പവും പ്രശസ്തിപത്രവും വീതം.)

കഥാപ്രതലത്തിന്റെയും കഥാപാത്രങ്ങളുടെയും ശബ്ദങ്ങളുടെ യഥാതഥവും നിയന്ത്രണവിധേയവുമായ വിന്യാസം.

| | | |
|---|---|---|
| **22.** | **മികച്ച ശബ്ദമിശ്രണം** | **– എം.ആർ. രാജകൃഷ്ണൻ** |
| | **ചിത്രം** | **– ചാർലി** |

(50,000/– രൂപയും ശില്പവും പ്രശസ്തിപത്രവും.)

ശബ്ദമിശ്രണത്തിന്റെ കൃത്യതയാർന്ന വിനിയോഗം ഉന്നതമായ സാങ്കേതിക മികവോടെ കൈകാര്യം ചെയ്യുന്ന ശബ്ദകല.

**23. മികച്ച ശബ്ദ ഡിസൈൻ – രംഗനാഥ് രവി**

**ചിത്രം – എന്ന് നിന്റെ മൊയ്തീൻ**

(50,000/– രൂപയും ശില്പവും പ്രശസ്തിപത്രവും.)

ശബ്ദസമന്വയമെന്നത് ശബ്ദഘോഷങ്ങളുടെ കുത്തിനിറയ്ക്കലല്ലെന്ന് ഔചിത്യപൂർണമായ ശബ്ദത്തിന്റെ വിനിയോഗം തെളിയിക്കുന്നു.

**24. മികച്ച പ്രോസസിങ് ലാബ്/കളറിസ്റ്റ് – പ്രസാദ് ലാബ്, മുംബൈ / ജെ.ഡി. & കിരൺ**

**ചിത്രം – ചാർലി**

(50,000/– രൂപയും ശില്പവും പ്രശസ്തിപത്രവും.)

നിറങ്ങളുടെ ഭാവപൂർണവും അർത്ഥപൂർണവുമായ വിന്യാസങ്ങളിലെ സാങ്കേതികത്തികവിന്.

**25. മികച്ച മേക്കപ്പ്മാൻ – രാജേഷ് നെന്മാറ**

**ചിത്രം – നിർണായകം**

(50,000/– രൂപയും ശില്പവും പ്രശസ്തിപത്രവും.)

അഭിനേതാക്കളുടെ രൂപമാറ്റത്തിലൂടെ കഥാപാത്രങ്ങളിലേക്ക് പരിണമിപ്പിച്ച കരവിരുതിന്.

**26. മികച്ച വസ്ത്രാലങ്കാരം – നിസാർ**

**ചിത്രം – ജോ & ദി ബോയ്**

(50,000/– രൂപയും ശില്പവും പ്രശസ്തിപത്രവും.)

കഥാപാത്രങ്ങളുടെയും കഥാമുഹൂർത്തങ്ങളുടെയും പരിണതിക്ക് യോജിച്ച വേഷപ്പകർച്ചയ്ക്ക്.

**27. മികച്ച ഡബ്ബിങ് ആർട്ടിസ്റ്റ് (ആൺ) – ശരത്ത്**

**ചിത്രം – ഇടവപ്പാതി**

(50,000/– രൂപയും ശില്പവും പ്രശസ്തിപത്രവും.)

സിദ്ധാർത്ഥയ്ക്കും ഉപഗുപ്തനും സൗമ്യമായ ശബ്ദനിയന്ത്രണത്തിലൂടെ മിഴിവും പുതുജീവനും നൽകിയതിന്.

**28. മികച്ച ഡബ്ബിങ് ആർട്ടിസ്റ്റ് (പെൺ) – എയ്ഞ്ചൽ ഷിജോയ്**

**ചിത്രം – ഹരം**

(50,000/– രൂപയും ശില്പവും പ്രശസ്തിപത്രവും.)

കഥാപാത്രത്തിന്റെ മനോനിലയെ ശബ്ദംകൊണ്ട് വ്യാഖ്യാനിച്ചതിന്.

**29. മികച്ച നൃത്തസംവിധായകൻ – ശ്രീജിത്ത്**

**ചിത്രം – ജോ & ദി ബോയ്**

(50,000/– രൂപയും ശില്പവും പ്രശസ്തിപത്രവും.)

ചലനങ്ങൾക്ക് ഭാവപൂർണത നൽകിയതിന്.

**30. ജനപ്രീതിയും കലാമേന്മയുമുള്ള മികച്ച ചിത്രത്തിനുള്ള പ്രത്യേക അവാർഡ് – എന്ന് നിന്റെ മൊയ്തീൻ**

**സംവിധായകൻ – ആർ.എസ്. വിമൽ**

**നിർമ്മാതാക്കൾ – ബിനോയ് ശങ്കരത്തിൽ, രാഗി തോമസ്, സുരേഷ് രാജ്**

(നിർമ്മാതാവിന് 33,333/– രൂപയും ശില്പവും പ്രശസ്തിപത്രവും വീതം. സംവിധായകന് 1,00,000/– രൂപയും ശില്പവും പ്രശസ്തിപത്രവും.)

മോഹിപ്പിക്കുന്ന തീവ്രപ്രണയവും അനന്തമായ കാത്തിരിപ്പിന്റെ നിശ്ചയദാർഢ്യവും അനുവാചക നിലേക്ക് സൗന്ദര്യാത്മകമായി പ്രസരിപ്പിച്ച ചിത്രം.

**31. മികച്ച നവാഗത സംവിധായക – ശ്രീബാല കെ. മേനോൻ**

**ചിത്രം – ലൌ 24 x 7**

(1,00,000/– രൂപയും ശില്പവും പ്രശസ്തിപത്രവും.)

മാധ്യമലോകത്തെ ഗ്രസിച്ചിരിക്കുന്ന കച്ചവടവൽക്കരണം വ്യക്തിബന്ധങ്ങളെപ്പോലും ശിഥിലമാക്കുന്നതിന്റെ ശക്തമായ ആവിഷ്ക്കാരം.

## മികച്ച കുട്ടികളുടെ ചിത്രം

**32. ചിത്രം – മലേറ്റം**

**സംവിധായകൻ – തോമസ് ദേവസ്യ**

**നിർമ്മാതാവ് – അമ്പിളി തോമസ്**

(നിർമ്മാതാവിന് 3,00,000/– രൂപയും ശില്പവും പ്രശസ്തിപത്രവും. സംവിധായകന് 1,00,000/– രൂപയും ശില്പവും പ്രശസ്തിപത്രവും.)

പ്രകൃതിയെ കീറിമുറിയ്ക്കുന്ന വികസനസങ്കല്പങ്ങളിൽ സ്വന്തം വിത്തും വേരും ചികയുന്ന ബാല്യത്തിന്റെ നേർക്കാഴ്ച.

## പ്രത്യേക ജൂറി അവാർഡ്

**33. അഭിനയം – ജയസൂര്യ**

**ചിത്രങ്ങൾ – ലുക്കാ ചുപ്പി & സു... സു... സുധി വാത്മീകം**

(50,000/– രൂപയും ശില്പവും പ്രശസ്തിപത്രവും.)

വൈവിധ്യപൂർണമായ പാത്രാവിഷ്ക്കാര മികവിന്.

## പ്രത്യേക ജൂറി പരാമർശം

**1. അഭിനയം – ജോയ് മാത്യു**

**ചിത്രം – മോഹവലയം**

(ശില്പവും പ്രശസ്തി പത്രവും)

കലാകാരന്റെ സ്വത്വപ്രതിസന്ധിയുടെ ഉൾനീറ്റൽ അനുഭവവേദ്യമാക്കുന്ന പ്രകടനം.

| | | | |
|---|---|---|---|
| 2. | **അഭിനയം** | – | **ജോസഫ് ജോർജ് (ജോജു ജോർജ്)** |
| | **ചിത്രങ്ങൾ** | – | **ഒരു സെക്കന്റ് ക്ലാസ് യാത്ര & ലുക്കാ ചുപ്പി** |
| | (ശില്പവും പ്രശസ്തി പത്രവും) | | |
| | കഥാപാത്രത്തിന്റെ ഉള്ളറിഞ്ഞുള്ള അനായാസ പ്രകടനത്തിന്. | | |
| 3. | **ആലാപനം** | – | **ശ്രേയ ജയദീപ്** |
| | **ചിത്രം** | – | **അമർ അക്ബർ ആന്റണി** |
| | (ശില്പവും പ്രശസ്തി പത്രവും) | | |
| | 'എന്നോ ഞാനെന്റെ മുറ്റത്തൊരറ്റത്ത്...' എന്ന ഗാനം കുട്ടിത്തം പ്രസരിപ്പിക്കുന്ന ആലാപനമാധുര്യത്തോടെ ശ്രദ്ധേയമാക്കിയതിന്. | | |

## ജൂറി ശുപാർശകൾ

1. കേരള സംസ്ഥാന ചലച്ചിത്രപുരസ്കാര നിർണയ നിയമാവലിയിലെ 3(2)–ലെ ചട്ടം അനുസരിച്ച് 'നിർമാതാവ് നിർദേശിക്കുന്നവർക്ക് മാത്രമേ പുരസ്കാരം നൽകാനുള്ള അർഹതയുണ്ടാവൂ' എന്ന ചട്ടം ഭേദഗതി ചെയ്ത് സിനിമയിൽ ക്രെഡിറ്റ്ലൈനിലുള്ള എല്ലാവരേയും പരിഗണിയ്ക്കാൻ ജൂറിക്ക് അധികാരമുണ്ടായിരിക്കണം.

2. സംസ്ഥാന പുരസ്കാരം ലഭിച്ച മികച്ച സിനിമകൾ ചലച്ചിത്ര അക്കാദമിയുടെ നേതൃത്വത്തിൽ ജില്ലാതല ഫെസ്റ്റിവലുകൾ വഴി ജനങ്ങളിലെത്തിക്കണം. ഇത് നല്ല തിയേറ്ററുകളിലായിരിക്കണം പ്രദർശിപ്പിക്കേണ്ടത്. ടിക്കറ്റ് വച്ച് നടത്തേണ്ട ഈ പ്രദർശനങ്ങളിൽനിന്നുള്ള വിഹിതത്തിൽ 30 ശതമാനം സിനിമയുടെ നിർമ്മാതാവിന് നൽകണം.

3. പുരസ്കാരം നേടിയ മലയാള സിനിമകൾ അന്താരാഷ്ട്ര തലത്തിൽ എത്തിക്കാൻ ഫിലിം മാർക്കറ്റിങ് വിഭാഗം അക്കാദമിയിൽ ആരംഭിക്കണം. ഇതിനായി ഒരു സ്ഥിരം സംവിധാനവും ഉപദേശകസമിതിയും രൂപീകരിച്ച് പ്രവർത്തനം ത്വരിതപ്പെടുത്തണം.

4. മലയാള സിനിമയുടെ നാഴികക്കല്ലുകളായ സിനിമകളുടെയും സംവിധായകരുടെയും സിനിമകളുടെ പ്രത്യേക പാക്കേജുകൾ ഉണ്ടാക്കി അവ അന്താരാഷ്ട്ര ചലച്ചിത്രസമൂഹത്തിന് മുമ്പാകെ എത്തിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം.

5. ഡിജിറ്റൽ ഫിലിംമേക്കിങ്ങിന്റെ വർക്ക്ഷോപ്പുകൾ അക്കാദമിയുടെ ആഭിമുഖ്യത്തിൽ നടത്തണം.

6. ചലച്ചിത്രസാക്ഷരതാ മിഷൻ അക്കാദമി ഏറ്റെടുക്കണം. സിനിമാ സാക്ഷരത വ്യാപിപ്പിക്കാനുള്ള കാഴ്ചവണ്ടികൾ വഴി നല്ല സിനിമകൾ ജനങ്ങളിൽ എത്തിക്കണം.

# രചനാ വിഭാഗം

## അവാർഡുകൾ

**1. മികച്ച സിനിമാ ഗ്രന്ഥം – 'കെ.ജി. ജോർജിന്റെ ചലച്ചിത്രയാത്രകൾ'**

**ഗ്രന്ഥകർത്താവ് – കെ.ബി. വേണു**

(30,000 രൂപയും ശില്പവും, പ്രശസ്തി പത്രവും)

സ്വന്തം മാധ്യമത്തിനുമേൽ പൂർണമായ അധീശത്വമുള്ള അതിന്റെ എല്ലാ വശങ്ങളേക്കുറിച്ചും ധാരണയുള്ള ചലച്ചിത്രകാരനാണ് കെ.ജി. ജോർജ്ജ് എന്ന് രേഖപ്പെടുത്തുന്ന ഗ്രന്ഥമാണ് കെ.ബി. വേണു എഴുതിയ 'കെ.ജി. ജോർജിന്റെ ചലച്ചിത്രയാത്രകൾ'. അതിന്റെ അടിസ്ഥാനത്തിൽ മികച്ച ഗ്രന്ഥമായി വിലയിരുത്തുകയും ഈ ഗ്രന്ഥത്തെ കമ്മറ്റി ഏകകണ്ഠമായി ശുപാർശചെയ്യുകയും ചെയ്യുന്നു.

**2. മികച്ച സിനിമാ ലേഖനം – 'സിൽവർസ്ക്രീനിലെ എതിർനോട്ടങ്ങൾ'**

**ലേഖകൻ – അജു കെ. നാരായണൻ**

(20,000 രൂപയും ശില്പവും, പ്രശസ്തി പത്രവും)

അജു കെ. നാരായണൻ എഴുതിയ 'സിൽവർസ്ക്രീനിലെ എതിർനോട്ടങ്ങൾ' എന്ന ലേഖനം വത്യസ്തമായിട്ടുള്ളതാണ്. എസ്.കെ. പൊറ്റാക്കാടിന്റെ രചനകളായ 'മൂടുപടം', 'പുള്ളിമാൻ' തുടങ്ങിയ ചിത്രങ്ങളെ ചർച്ചചെയ്യുന്ന ലേഖകൻ എസ്.കെ.യും ചലച്ചിത്ര മാധ്യമവുമായുള്ള കൊടുക്കൽ–വാങ്ങൽ ബന്ധവും ഉൾക്കാഴ്ചയും പരാമർശിക്കുന്ന മികച്ച ചലച്ചിത്ര ലേഖനത്തിനുള്ള പുരസ്കാരത്തിന് ഈ ലേഖനം കമ്മറ്റി ഏകകണ്ഠമായി ശുപാർശചെയ്യുന്നു.

## ജൂറി ശുപാർശകൾ

ഏഴ് ചലച്ചിത്രഗ്രന്ഥങ്ങളും 33 ലേഖനങ്ങളുമാണ് പുരസ്കാരത്തിനായി അയച്ചുകിട്ടിയത്. മുൻകാലത്തെ അപേക്ഷിച്ച് പുരസ്കാരത്തിനായി അയച്ചുകിട്ടിയ ഗ്രന്ഥങ്ങളുടെ എണ്ണം

ഇത്തവണ കുറവായിരുന്നു. ഭാവിയിൽ ഇത് പ്രതിസന്ധിയായി ഉയർന്നുവരാതിരിക്കാൻ ചില മുൻകരുതലുകൾ കൈക്കൊള്ളുന്നത് ഉചിതമായിരിക്കും. അതിന്റെ ഭാഗമായി മികച്ച ചലച്ചിത്രഗ്രന്ഥത്തിനുള്ള സമ്മാനത്തുകയായ 30,000/– രൂപ 80,000/– രൂപയായി ഉയർത്താവുന്നതാണ്. നല്ലൊരു ചലച്ചിത്രഗ്രന്ഥത്തിന്റെ രചനയ്ക്ക് കഠിനമായ അധ്വാനവും പഠനവും ഗവേഷണവും ആവശ്യമാണെന്നിരിക്കെ അതിനായി ചിലവഴിക്കുന്ന സമയത്തിന് തുല്യമായിട്ടല്ലെങ്കിലും ന്യായമായ പ്രതിഫലം നൽകേണ്ടതുണ്ട്. പുറമേ സമ്മാനത്തുക വർദ്ധിപ്പിക്കുന്ന പശ്ചാത്തലത്തിൽ കൂടുതൽ ചലച്ചിത്ര ഗ്രന്ഥങ്ങൾ സമ്മാനത്തിനായി മത്സരിക്കാൻ കിട്ടാനുള്ള സാധ്യതയും വളരെ കൂടുതലാണ്. ഇതോടൊപ്പം മറ്റൊരുകാര്യം അക്കാദമി ഗൗരവമായി പരിഗണിക്കാവുന്നതാണ്. മികച്ച ചലച്ചിത്ര ഗ്രന്ഥങ്ങളുടെ രചന പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി അർഹരും യോഗ്യരുമായ രണ്ടോ മൂന്നോ പേരെ കണ്ടെത്തി അവർക്ക് ഫെലോഷിപ്പ് നൽകാവുന്നതാണ്. ഒന്നോ രണ്ടോ വർഷം മാത്രം നീളുന്ന ഫെലോഷിപ്പിന് കാലപരിധി കണക്കിലെടുത്ത് അനുവദിക്കുന്ന തുക മൊത്തമായോ ഗഡുക്കളായോ നൽകേണ്ടതാണ്.

ഈ വക കാര്യങ്ങളിൽ യോഗ്യതയ്ക്ക് മാത്രം മുൻഗണന നൽകുന്നതിനോടൊപ്പം തികഞ്ഞ സുതാര്യതയും പുലർത്തണം.

മുൻകാലത്തൊന്നുമില്ലാത്തവിധം മാധ്യമപഠനത്തിൽ യുവതലമുറ കൂടുതൽ കൗതുകവും താൽപര്യവും പ്രദർശിപ്പിച്ച ഇന്നത്തെ സാഹചര്യത്തിൽ മേൽപ്പറഞ്ഞ നിർദേശങ്ങൾ അർഹമായ പരിഗണന നൽകി നടപ്പാക്കാൻ അക്കാദമി തയാറാകണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

## ജൂറി അംഗങ്ങൾ

### ചലച്ചിത്ര വിഭാഗം

| | | | |
|---|---|---|---|
| 1. | ശ്രീ മോഹൻ | – | ചെയർമാൻ |
| 2. | ശ്രീ ജോർജ്ജ് കിത്തു | – | മെമ്പർ |
| 3. | ശ്രീ എം.എ. വേണു | – | മെമ്പർ |
| 4. | ശ്രീമതി സുലക്ഷണ | – | മെമ്പർ |
| 5. | ശ്രീ ശരത് | – | മെമ്പർ |
| 6. | ശ്രീ ബി.ആർ. പ്രസാദ് | – | മെമ്പർ |
| 7. | ശ്രീ വേണുഗോപാൽ | – | മെമ്പർ |
| 8. | ശ്രീ പ്രേം ചന്ദ് | – | മെമ്പർ |
| 9. | ഡോ. സോമൻ | – | മെമ്പർ |
| 10. | ശ്രീ സി.ആർ. രാജമോഹൻ | – | മെമ്പർ സെക്രട്ടറി |

### രചനാ വിഭാഗം

| | | | |
|---|---|---|---|
| 1. | ശ്രീ എസ്. ജയചന്ദ്രൻ നായർ | – | ചെയർമാൻ |
| 2. | ശ്രീ രാജീവ് ഗോപാലകൃഷ്ണൻ | – | മെമ്പർ |
| 3. | ശ്രീ പവിത്രൻ | – | മെമ്പർ |
| 10. | ശ്രീ സി.ആർ. രാജമോഹൻ | – | മെമ്പർ സെക്രട്ടറി |

# 2015-ലെ കേരള സംസ്ഥാന ചലച്ചിത്ര അവാർഡിന് മത്സരത്തിനെത്തിയ കഥാചിത്രങ്ങൾ

1. ഒഴിവുദിവസത്തെ കളി
2. രൂപാന്തരം
3. വെളുത്ത രാത്രികൾ
4. ഞാൻ സംവിധാനംചെയ്യും
5. സാൾട്ട് മാംഗോ ട്രീ
6. മോഹവലയം
7. പത്രോസിന്റെ പ്രമാണങ്ങൾ
8. കഥാന്തരം
9. വന്യം
10. ചതുരം
11. നിർണായകം
12. കസ്തൂർബ
13. ജിലേബി
14. വലിയ ചിറകുള്ള പക്ഷികൾ
15. നമുക്കൊരേ ആകാശം
16. ചായം പൂശിയ വീട്
17. ലൗ 24 x 7
18. കുമ്പസാരം
19. സു... സു... സുധി വാത്മീകം
20. പത്തേമാരി
21. അമീബ
22. അനാർക്കലി
23. ഓർമ്മകളിൽ ഒരു മഞ്ഞുകാലം
24. ഫയർമാൻ
25. മറുഭാഗം
26. യാനം മഹായാനം
27. അരണി - ദി ഫയൽ ഇൻസൈഡ്
28. സൈഗൾ പാടുകയാണ്
29. ഹൺഡ്രഡ് ഡേയ്സ് ഓഫ് ലൗ
30. ഒരു സെക്കന്റ്ക്ലാസ് യാത്ര
31. കുഞ്ഞിരാമായണം
32. സുഖമായിരിക്കട്ടെ
33. അവൾ വന്നതിനുശേഷം
34. മാൽഗുഡി ഡെയ്സ്
35. ഇതിനുമപ്പുറം
36. അമ്മയ്ക്കൊരുതാരാട്ട്
37. പാവാട
38. ജമ്നാപ്യാരി
39. ബെൻ
40. എന്നും എപ്പോഴും
41. ലോഹം
42. ഉറുമ്പുകൾ ഉറങ്ങാറില്ല
43. ചാർലി
44. പ്രേമം
45. പുതിയ നിയമം
46. അമർ അക്ബർ അന്തോണി
47. സ്വർഗ്ഗത്തേക്കാൾ സുന്ദരം
48. മധുരനാരങ്ങ
49. ഹരം
50. റാണി പത്മിനി
51. ലുക്കാ ചുപ്പി
52. മൺട്രോത്തുരുത്ത്
53. 2 കൺട്രീസ്
54. നരോപനിഷത്ത്
55. എന്ന് നിന്റെ മൊയ്തീൻ
56. മച്ചുക
57. നൂൽപ്പാലം
58. ഇവിടെ
59. ജോ ആൻഡ് ദ ബോയ്
60. കാറ്റും മഴയും
61. തിങ്കൾ മുതൽ വെള്ളി വരെ
62. ഭാസ്ക്കർ ദി റാസ്ക്കൽ
63. ചിറകൊടിഞ്ഞ കിനാവുകൾ
64. അപ്പവും വീഞ്ഞും
65. ഒരു വടക്കൻ സെൽഫി
66. നീന
67. കെ.എൽ.ടെൻ പത്ത്
68. ലോർഡ് ലിവിംഗ്സ്റ്റൺ 7000 കണ്ടി
69. താരകങ്ങളേ സാക്ഷി
70. ഇടവപ്പാതി
71. രുദ്രസിംഹാസനം
72. അയാൾ ഞാനല്ല

## കുട്ടികളുടെ ചിത്രങ്ങൾ

1. ഇളംവെയിൽ
2. മലേറ്റം
3. ഉണർവ്
4. ആകാശത്തിനും ഭൂമിക്കുമിടയിൽ
5. കഥപറയും മുത്തച്ഛൻ
6. ആകാശങ്ങൾക്കപ്പുറം
7. ക്രയോൺസ്

## പുസ്തകങ്ങൾ

1. **സിനിമയും നോവലും – കാഴ്ചയുടെ വിനിമയവിചാരങ്ങൾ**
   ഡോ. എം.ഡി. മനോജ്
2. **അഞ്ച് ക്യാമറകൾ ജീവിതം പറയുന്നു**
   പി.കെ. സുരേന്ദ്രൻ
3. **കെ. ജി. ജോർജ്ജിന്റെ ചലച്ചിത്രയാത്രകൾ**
   കെ.ബി. വേണു
4. **ചലച്ചിത്രം: അടരുകളും അടിവേരുകളും**
   പി.ജി. ശശിധരൻ
5. **ജനകീയ സിനിമ**
   അനിൽകുമാർ കെ.എസ്., രശ്മി ജി.
6. **സിനിമയും സാങ്കേതികവിദ്യയും**
   അനിൽകുമാർ തിരുവോത്ത്
7. **കാവ്യഗീതിക**
   ടി.പി. ശാസ്തമംഗലം

## ലേഖനങ്ങൾ

1. **ഭൂരിപക്ഷത്തിന്റെ രാമൻ; അരവിന്ദന്റെ രാമൻ**
   വി. വിജയകുമാർ
2. **ധ്യാനം, പ്രകാശം, ക്യാമറാപുരുഷനും**
   രാകേഷ്നാഥ്
3. **മുന്നറിയിപ്പ് – ഒരു ഫ്രോയ്ഡിയൻ വായന**
   രാകേഷ്നാഥ്
4. **ഉത്തരായണത്തിന്റെ കല**
   രാകേഷ്നാഥ്
5. **ഫാൽകേ ഇന്ത്യൻ സിനിമയുടെ പിതാവ് അല്ല**
   ഡോ. ടി. ശശിധരൻ
6. **സിൽവർ സ്ക്രീനിലെ എതിർനോട്ടങ്ങൾ**അരുൺ
   കെ. നാരായണൻ
7. **സിനിമയുടെ പരിണാമവഴികൾ**
   പി.കെ. സുരേന്ദ്രൻ
8. **സിനിമയിലെ അഭിസാരിക വേഷങ്ങൾ**
   ശ്യംജി
9. **കുട്ടികളുടെ മലയാള സിനിമ**
   ശ്യംജി
10. **ചരിത്രം കാണിച്ചുതന്ന ഫിലിം സൊസൈറ്റികളുടെ ചരിത്രം**
    സി.എസ്. വെങ്കിടേശ്വരൻ
11. **ചെമ്മീൻ – ആദ്യത്തെ 50 വർഷങ്ങൾ**
    സി.എസ്. വെങ്കിടേശ്വരൻ
12. **അധ്വാനത്തെക്കുറിച്ചുള്ള ആഖ്യാനങ്ങൾ**
    സി.എസ്. വെങ്കിടേശ്വരൻ
13. **കലിപ്പും കാത്തിരിപ്പും – മലയാളി പ്രണയത്തിന്റെ വഴിത്തിരിവുകൾ**
    സി.എസ്. വെങ്കിടേശ്വരൻ
14. **സിനിമയാകാൻ വിധിച്ച നോവലുകൾ**
    ഡോ. എ.വി. രഘുവാസ്
15. **ചലച്ചിത്രത്തിന്റെ ബഹുസ്വരവായനകൾ**
    രശ്മി ജി., അനിൽകുമാർ കെ.എസ്.
16. **ന്യൂജനറേഷൻ പ്രണയസിനിമകൾക്ക് ഒരു കുറ്റപത്രം**
    കെ. കണ്ണൻ
17. **ഹിസയുടെ അബോധ കാമനകൾ**
    പി.എസ്. രാധാകൃഷ്ണൻ
18. **ന്യൂ ജനറേഷൻ സിനിമയെ എന്തിന് ഭയക്കണം?**
    പി.എസ്. രാധാകൃഷ്ണൻ
19. **രതി, രക്തസാക്ഷിത്വം, ജൈവചിന്ത**
    പി.പി. സത്യൻ
20. **സിനിമയുടെ തുലാസിലെ പ്രേമനൈരാശ്യങ്ങൾ**
    ഡോ. സജിത്ത് ഏവൂരേത്ത്
21. **A Film Runs through this Villas**
    Charmy Harikrishnan
22. **Rotterdam of the Tropics**
    Charmy Harikrishna
23. **പെൺ മനസ്സിന്റെ പമ്പരച്ചുഴികൾ**
    ഡോ. സജിത്ത് ഏവൂരേത്ത്
24. **വർഗീയതക്കെതിരെ പ്രണയം ഒരു സാധ്യതയാണ്**
    എൻ.പി. സജീഷ്